**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം ജില്ല – പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത് - കുടുംബശ്രീ സി.ഡി.എസ് വാർഷികം - തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്

സ.ഉ.(സാധാ) നം.3973/2017/തസ്വഭവ     തിരുവനന്തപുരം, തീയതി, 11/12/2017

---

പരാമർശം:-   പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 21.11.2017 ലെ എ 4/7818/2017 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിലെ കുടുബശ്രീ സി.ഡി.എസ് വാർഷികവും പഞ്ചായത്തിലെ എസ്.സി കുട്ടികൾക്കുള്ള ലാപ്ടോപ്പ് വിതരണവും 2017 നവംബർ 30, ഡിസംബർ 1 തീയതികളിൽ വിവിധ പരിപാടികളോട്ടു കൂടി നടത്തുന്നതിനും ഭരണ പരിഷ്ക്കാര കമ്മിറ്റി ചെയർമാനും ബഹു.മുൻ മുഖ്യമന്ത്രിയുമായിരുന്ന ശ്രീ.വി.എസ് അച്യുതാനന്ദൻ അവർകളെക്കൊണ്ട് ഉദ്ഘാടനം നടത്തുന്നതിനും തീരിമാനിച്ചിരിക്കുന്നുവെന്നും, ആയതിന്റെ ചെലവിലേക്കായി പഞ്ചായത്ത് തനത് ഫണ്ടിൽ നിന്ന് 25,000/- (ഇരുപത്തി അയ്യായിരം രൂപ) ചെലവഴിക്കുന്നതിനുള്ള അനുമതി നൽകണമെന്നാണ് അഭ്യർത്ഥിച്ചിരിക്കുന്നത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിലെ കുടുബശ്രീ സി.ഡി.എസ് വാർഷികവും പഞ്ചായത്തിലെ എസ്.സി കുട്ടികൾക്കുള്ള ലാപ്ടോപ്പ് വിതരണവും നടത്തുന്നതിന് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും 25,000/- (ഇരുപത്തി അയ്യായിരം രൂപ) അവരുടെ കമ്മിറ്റി തീരുമാനത്തിന് വിധേയമായി ചെലവഴിക്കുന്നതിനുള്ള യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
സിനി.ജെ.ഷുക്കൂർ,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി / പ്രസിഡന്റ്, പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത്, കിളിമാനൂർ പി.ഒ, തിരുവനന്തപുരം.
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ